
little KITEs
അക്ഷരി
ഡിജിറ്റൽ മാഗസിൻ
LITTLE KITES UNIT, KHMHSS ALATHITUR

# ആമുഖം

1976 ൽ ബഹുമാനപ്പെട്ട മുളന്തല ഹംസഹാജിയാണ് ഈ കലാലയം ആരംഭിച്ചത്. സ്കൂളിന്റെ പ്രഥമ പ്രധാനാധ്യാപകൻ ശ്രീ. രാമവാര്യർ ആയിരുന്നു. ഇപ്പോഴത്തെ മാനേജർ ശ്രീ സെയ്തു ഹാജിയും ഹെഡ്മാസ്റ്റർ ശ്രീ അബ്ദുൽ ജബ്ബാർ പി.കെ യും ഡെപ്യൂട്ടി ഹെഡ്മാസ്റ്റർ ശ്രീ സൈനുൽ ആബിദീൻ. ടി യും ആണ്.ശ്രീ അയ്യൂബ് ആലുക്കൽ ആണ് നിലവിലെ പി ടി എ പ്രസിഡൻറ്



# സന്ദേശം




നമ്മുടെ സ്കൂളിലെ നവ പ്രതിഭകളുടെ സർഗ്ഗസൃഷ്ടികളും ഈ വർഷത്തെ മികവ് കാഴ്ചകളും ഉൾപ്പെടുത്തി സ്കൂൾ ലിറ്റിൽ കൈറ്റ് യൂണിറ്റ് പുറത്തിറക്കുന്ന നവമാധ്യമ സംരംഭമായ ഡിജിറ്റൽ മാഗസിന് എല്ലാ ഭാവുകങ്ങളും നേരുന്നു. ഒപ്പം ഇതിന് പിന്നിൽ പ്രവർത്തിച്ചവർക്ക് ഒരായിരം അഭിനന്ദനങ്ങൾ.

—പി.കെ.അബ്ദുൽ ജബ്ബാർ (HM)

# അറിവിൻ ലോകത്ത് പറന്നുയരാം....



അറിവിന്റെ നിർമ്മിതിയാണ് പുതിയ കാലത്തെ വിദ്യാഭ്യാസ രീതിയുടെ പ്രധാന സവിശേഷത.അറിവിന്റെ വിനിമയം എന്ന പഴയ കാഴ്ചപ്പാടിനു പകരം പ്രവർത്തനാധിഷ്ഠിത വിദ്യാഭ്യാസ പ്രക്രിയയിൽ കുട്ടിയാണ് മുഖ്യം.അതിനാൽ ഈ കാഴ്ചപ്പാടിന്റെ പ്രായോഗികവൽക്കരണത്തിന് വിവര സാങ്കേതിക വിദ്യയ്ക്ക് വളരെ വലിയ പങ്ക് വഹിക്കാനുണ്ട്. ഈ തിരിച്ചറിവാണ് വിദ്യാഭ്യാസ രംഗത്തെ നൂതന സംരംഭമായ ലിറ്റിൽ കൈറ്റ്സ്.വിജ്ഞാനപ്രദവും മാനസിക വളർച്ചയെ ത്വരിതപ്പെടുത്തുന്നതുമായ അതിനൂതന പദ്ധതികളിലൂടെ നമ്മുടെ കുട്ടികൾ മുന്നേറുകയാണ്.

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായ ഈ ഹൈടെക് പദ്ധതി കുട്ടികളിൽ ആത്മവിശ്വാസം പ്രോജ്ജ്വലിപ്പിക്കുമെന്നതിൽ തർക്കമില്ല.ഇ - എഴുത്തിന്റെയും ഇ-വായനയുടെയും വിശാല ലോകം കുട്ടികളുടെ മുന്നിൽ തുറന്നിടുക എന്നതാണ് ലിറ്റിൽ കൈറ്റ്സ് ഈ പുതിയ ഡിജിറ്റൽ മാഗസിനിലൂടെ ലക്ഷ്യം വെക്കുന്നത്.സമൂഹത്തിലെ ദന്തഗോപുരവാസികൾക്കു മാത്രം പ്രാപ്യമായിരുന്ന ഈ വിശാല ലോകം പൊതു വിദ്യാലങ്ങളിലെ സാധാരണക്കാരനായ കുട്ടികൾക്ക് ലഭ്യമാക്കുന്ന ഈ സ്വപ്ന പദ്ധതി ഇവിടെ യാഥാർത്ഥ്യമാവുമ്പോൾ എല്ലാവരുടെയും സർവ്വാത്മനായുള്ള പിന്തുണയും സഹകരണവും ഞങ്ങൾ പ്രതീക്ഷിക്കുന്നു....

വായിക്കുക........
പ്രോത്സാഹിപ്പിക്കുക .....
ഹൃദയപൂർവ്വം
എഡിറ്റർ

# താളുകൾ


| | പേജ് |
|---|---|
| 1.പെരുമഴക്കാലം പറയുന്നത് | 6 |
| 2.തിരിച്ചറിവ് | 8 |
| 3.മഴയ്ക്ക് മറ്റൊരാമുഖം | 12 |
| 4.ഒടിയൻ | 15 |
| 5.ഓർമ | 16 |
| 6.കലി കാലം | 18 |
| 7.ഓർമ്മത്താളുകൾ | 20 |
| 8.കരുത്തുറ്റ പിൻബലം | 24 |
| 9.JRC | 25 |
| 10.SCOUT AND GUIDES | 25 |
| 11.ലിറ്റിൽ കൈറ്റ് 2018-19 | 26 |
| 12.അണിയറ ശിൽപികൾ | 27 |

# പെരുമഴക്കാലം പറയുന്നത് ..........



നാട്ടിലെ ഉയരം കൂടിയ സ്ഥലം അമ്പലമാണ്. അവിടെ ദേവൻ കഴുത്തറ്റം വെള്ളത്തിൽ മുങ്ങിക്കിടക്കുന്നു....

........................................ ..........

മാനം തെളിഞ്ഞു. സൂര്യൻ കൺതുറന്നു. വെള്ളമിറക്കം തുടങ്ങി... ചേന്നപ്പറയൻ തന്റെ പട്ടിയെ അന്വേഷിച്ച് കൊട്ടിലിനടുത്തേക്ക് വന്നു.. അവിടെ ഒരു പട്ടിയുടെ അഴുകിയ ജഡം. ചേന്നൻ കാല് കൊണ്ട് അതിനെ തിരിച്ചിട്ടു.അത് അവന്റെ പട്ടിയാണോ എന്നറിയില്ല... തൊലി അഴുകിപ്പോയിരുന്നു ...

(തകഴിയുടെ വെള്ളപ്പൊക്കത്തിൽ എന്ന കഥയുടെ ആശയം .. )

വെള്ളമിറങ്ങി.. സൂര്യന്റെപൊൻപ്രഭ അന്തരീക്ഷത്തിലും ജനമനസ്സിലും. ദുരിതാശ്വാസ ക്യാമ്പുകളിൽ നിന്ന് എല്ലാവരും വീടുകളിലേക്ക് മടങ്ങിത്തുടങ്ങി.അതിരൂക്ഷമായ പ്രതിസന്ധികളിലൂടെയാണ് കേരളം കഴിഞ്ഞ ഏതാനും ദിവസങ്ങൾ തുഴഞ്ഞു നീങ്ങിയത്.. നിസ്സഹായതയുടെ നിലവിളികൾ.. ഒറ്റപ്പെടൽ... ഹൃദയം തുളയ്ക്കുന്ന ഭയം.. മഴയുടെ കൊട്ടിയിറക്കം നേരത്തെ ലഹരിയായിരുന്നെങ്കിൽ ഇപ്പോൾ അത് നെഞ്ചിടിപ്പായി മാറിയ നിസ്സഹായത .. പുറം ലോകവുമായോ തൊട്ടടുത്ത അങ്ങാടിയുമായി പോലുമോ ബന്ധപ്പെടാനാവാത്ത നിസ്സഹായത .. കറന്റില്ല.. ഫോണില്ല... വല്ലപ്പോഴും കറന്റ് വന്നാൽ ടി.വി. തുറക്കാൻ പോലും ഭയം.. മലയാളി ഹൗസിലോ ബിഗ് ബോസിലോ ലോകമറിയാതെ ജീവിക്കുന്ന പ്രതീതി.. ഇടക്ക് സഹപ്രവർത്തകരിൽ പലരും വീടുവിട്ടിറങ്ങി ക്യാമ്പുകളിലെത്തിയെന്ന വർത്തമാനങ്ങൾ .. വീട് റോഡിനേക്കാൾ താഴ്ന്ന മണ്ണിലായതിന്റെ വേവലാതി ..സർട്ടിഫിക്കറ്റുകൾ പെറുക്കിയെടുത്ത് സ്വരുക്കൂട്ടിവെക്കണമോ എന്ന തോന്നൽ.. അതിരൂക്ഷമായ ഒറ്റപ്പെടലിന്റെ ദിനരാത്രങ്ങൾ.. പുറമെയുള്ള ആർക്കും കൈത്താങ്ങാവാൻ പറ്റാതെ പോയതിന്റെനൊമ്പരം..മലയാളിക്ക് പ്രകൃതി നൽകിയ വല്ലാത്ത താക്കീത് .. ചിത്രപട കഞ്ചുകം ചീന്തി, അമ്മയുടെ നഗ്നമേനിയിൽ നിന്ന് രുധിരം മോന്തി ആടിത്തിമർത്താടിയതിനുള്ള താക്കീത് ... വെള്ളം കുറഞ്ഞ് ക്യാമ്പുകളിൽ ചെന്നപ്പോൾ പരാതിയോ പരിഭവമോ ഇല്ലാതെ, ജാതിയും മതവും വർണവും രാഷ്ട്രീയവും നോക്കാതെ ഒരേ മുഖച്ഛായയുമായി നടന്നു നീങ്ങുന്ന ഒരു പറ്റം മനുഷ്യർ.. അവിടെ പ്രതീക്ഷയ്ക്ക് വക നൽകുന്ന വലിയ കാഴ്ച.. ദുരന്തബാധിതരെ സഹായിക്കാനും പരിപാലിക്കാനും ഓടി നടക്കുന്ന യുവത.. പുതുതലമുറയെ പറ്റി ഏറെ അഭിമാനം


തോന്നിയ നിമിഷം.. അവർ നവ മാധ്യമങ്ങളിൽ തല താഴ്ത്തി നടക്കുന്നവരാണ് എന്ന പഴമയുടെ പറച്ചിലിനെ അത് മായ്ച്ചു കളഞ്ഞു... ഏറെ അഭിമാനവും തൃപ്തിയും തോന്നിയ നിമിഷം.യുവതയുടെ മനസ്സിലെ സ്നേഹത്തിന്റെ, കാരുണ്യത്തിന്റെ തട കെട്ടിയ ഉറവയെ കോരിച്ചൊരിയിക്കാനാവാം മഴ ഇങ്ങിനെ തിമിർത്താടിയത്.. ഒപ്പം, ചില ഓർമപ്പെടുത്തലുകളും .. തകഴിയുടെ വെള്ളപ്പൊക്കത്തിലെ ചേന്നപ്പറയന്റെ വീട്ടു കാവൽക്കാരൻ പട്ടിയേയും,ജലദേവതയുടെ ആറാട്ടിൽ തിമിർത്താടാൻ കൊതിച്ച വേദമാണിക്യത്തെയും കുട്ടികൾക്ക് പകർന്നത് ഓർമയിൽ നിറയുന്നു ...



ഇപ്പോഴായിരുന്നെങ്കിൽ കുട്ടികൾക്ക് അത് ഹൃദയം കൊണ്ട് അനുഭവിക്കാമായിരുന്നു.. പ്രകൃതിയുടെ ഓർമപ്പെടുത്തലുകൾ വെയിൽ നാളത്തോടൊപ്പം ഹൃദയങ്ങളിൽ നിന്ന് മായാതിരിക്കട്ടെ... രക്ഷയ്ക്ക് വേണ്ടി നിലവിളിക്കുന്നവർക്ക് ബോട്ടിൽ കയറാൻ സ്വന്തം ചുമൽ കൊണ്ട് പാലം തീർത്ത ജൈസൽ, ആലത്തിയൂർ സ്കൂൾ ക്യാമ്പിലെ യുവാക്കളുടെ സ്നേഹവായ്പുകളെ നിറമിഴികളോടെതുറന്നു പറഞ്ഞ ഉമ്മ... എല്ലാം ഹൃദയത്തിൽ വിങ്ങുന്നു. ഒരു ജോഡി ചെരുപ്പ് ചോദിച്ചപ്പോൾ ഒരു ലോറി ചെരുപ്പ് കൊടുത്തവർ, വസ്ത്രം ചോദിച്ചപ്പോൾ കട തന്നെ നൽകിയവർ... എല്ലാം മലപ്പുറത്തിന്റെ സ്നേഹ സാക്ഷ്യം.വിദ്യാഭ്യാസം കൊണ്ട് ഈ മാനവിക മൂല്യമല്ലാതെ മറ്റെന്താണ് നേടേണ്ടത് ?? മഴ തോർന്ന് വീട്ടിൽ തിരിച്ചെത്തിയപ്പോൾ, സർട്ടിഫിക്കറ്റുകൾ നഷ്ടമായതറിഞ്ഞ് ജീവൻ വെടിഞ്ഞ കുട്ടി ഹൃദയത്തിൽ നീറ്റലാവുന്നു... സഹായിക്കാൻ ഓടി നടന്നവർക്ക് സ്നേഹത്തിന്റെ പനിനീർ പൂക്കൾ. രക്ഷാപ്രവർത്തനത്തിനിടെ ജീവൻ നഷ്ടമായ എല്ലാ സുമനസ്സുകൾക്കും ഈ നിസ്സഹായന്റെ നിലവിളിയിലൂന്നിയ ആദരാഞ്ജലികൾ... പ്രകൃതി പകർന്ന ഈ പാഠം പ്രഥമ ഗൃഹപാഠമായി ഹൃദയത്തിന്റെ കടലാസിൽ മറയ്ക്കാതെ എഴുതണമേയെന്ന ഓർമപ്പെടുത്തലോടെ...

[.....................................................................]

വെട്ടം ഗഫൂർ



# തിരിച്ചറിവ്

നൂല് പൊട്ടിപ്പോയ പട്ടത്തെപ്പോലെ ജീവിതം കാറ്റിൽ ആടി കളിക്കുന്നത് നോക്കി നിൽക്കാനേ കഴിഞ്ഞുള്ളൂ.. "ആദിത്യ .... " എന്ന ആ വിളി ഇന്നും കാതുകളിൽ മുഴങ്ങുന്നുണ്ട്.എല്ലാം തകർന്നു പോയത് അന്നായിരുന്നു... ആ ദിവസം...

സൈക്കോളജിയിൽ ബിരുദമെടുത്തപ്പോൾ മനസ്സിൽ വല്ലാത്തൊരു ആഹ്ലാദം .. ഒരു ഇളംതണുപ്പ് പടരുന്ന പോലെ.. എല്ലാ സൗകര്യങ്ങളും നിറഞ്ഞ വീട്ടിലെ ഒരംഗം തന്നെയായിരുന്നു താൻ.അതിന്റേതായ ഇത്തിരി അഹങ്കാരവും ഉണ്ടായിരുന്നു..കോളേജിലെ എല്ലാവരും പറയുമായിരുന്നു..ആദിത്യയുടെ ധൈര്യം സമ്മതിച്ചേ മതിയാകൂവെന്ന്..എന്ത് പ്രശ്നം വന്നാലും ഒരു തുള്ളി കണ്ണുനീർ തന്റെ കണ്ണിൽ നിന്നും വീഴില്ല. ഒന്ന് ചെറുതായി പതറുക പോലും ചെയ്യില്ല.ക്ലാസ് ലീഡറായിരുന്ന അഭി അന്ന് പറയുമായിരുന്നു ..

"ആദിത്വ.. എത്ര ധൈര്യത്തോടെയാ നീ എല്ലാം ചെയ്യുന്നത്. എവിട്ന്ന് കിട്ട്ണ് ഇതൊക്കെ..സമ്മയ്ച്ചിരിക്ക്ണൂട്ടോ.."

എന്റെ ഏറ്റവും പ്രിയപ്പെട്ട പ്രമോദ് സാർ പറയുമായിരുന്നു: "ആദിത്യ.. നീ സൈക്കോളജിയിൽ വന്നു ചേരേണ്ട ആൾ തന്നെയാണ്. നിന്നെപോലുള്ളവരെയാണ് സൈക്കോളജി ഡിപ്പാർട്ട്മെന്റിൽ ആവശ്യം.. നീ ഈ മേഖലയിൽ തീർച്ചയായും വിജയിക്കും .."

ഇത്തരം കമന്റ്സിനോട് ഒരു വല്ലാത്ത താൽപര്യമായിരുന്നു ..ഒരഭിമാനം തോന്നാറുണ്ട് ഇതുപോലുള്ള വാക്കുകൾ കേൾക്കുമ്പോൾ.. മധുരവും കയ്പും നിറഞ്ഞ നെല്ലിക്ക പോലെ ഒത്തിരിയൊത്തിരി ഓർമകളുമായി സൈക്കോളജിയിൽ ബിരുദമെടുത്തു. ഫസ്റ്റ് റാങ്ക് തന്നെ വാശിയോടെ നേടി, വാശിയായിരുന്നു എല്ലാത്തിനോടും .. ഒരു പക്ഷേ ഒന്നും നഷ്ടപ്പെടരുത് എന്ന്

ആഗ്രഹമുള്ളതുകൊണ്ടാകാം എല്ലാം നേടാൻ വാശി തോന്നിയത്..

തന്റെ ഉറ്റ കൂട്ടുകാരികളെ പോയി ഒന്നു കാണണം.ഒരുപാട് കാലങ്ങളായി പഠനവുമായി തിരക്കിലായതു കൊണ്ട് എല്ലാവരേയും ഒന്ന് കണ്ടിട്ട് ..പലരും പല കാര്യങ്ങളിൽ തിരക്കുപിടിച്ച് നടക്കുവായിരുന്നു.ഒരുപാട് പേരെ പോയി കണ്ടു.ചിലർക്ക് കല്യാണം കഴിച്ച് രണ്ട് കുട്ടികൾ വരെയുണ്ട് .. തന്റെ കാര്യവും അച്ഛനമ്മയും ചിന്തിച്ച് കൂട്ടുന്നുണ്ടെന്ന് അറിയാം..പക്ഷേ, ഒന്നിനും സമ്മതിക്കാതെ തനിക്ക് താൻ മാത്രം മതി എന്ന വാശിയുമായി മുങ്ങി നടക്കുവാണ്. അറിയാം, അച്ഛനേയും അമ്മയേയും ഇത് ഏറെ വിഷമിപ്പിക്കുന്നുവെന്ന് .. ഏതൊരച്ഛന്റേയും അമ്മയുടെയും ആഗ്രഹങ്ങൾ ഇതുപോലെ തന്നെയാണ്.അവരെ ഒന്നും പറയാൻ കഴിയില്ല, പ്രത്യേകിച്ച് താൻ ഒറ്റ മകളായതുകൊണ്ട് ..

അവസാനം കാണാൻ ചെന്നത് ആര്യയെയായിരുന്നു.അവളും ഞാനും പണ്ടുമുതലേ ഉറ്റ സുഹൃത്തുക്കളായിരുന്നു. അവളെ ചെന്നു കാണുമ്പോൾ മനസ്സ് ഒരു പാട് സന്തോഷിക്കുമെന്നെനിക്കറിയാമായിരുന്നു. അവളിപ്പോൾ ഡോക്ടർ ആര്യയാണ്.അവളുടെ ക്ലിനിക്കിലേക്ക് കടന്നപ്പോൾ മുതൽ അവളെ കണ്ടതു വരെ ഞാൻ അനുഭവിച്ചത്ര സന്തോഷം ഭൂമിയിൽ മറ്റൊരാൾക്കും ഉണ്ടായിട്ടുണ്ടാവില്ല എന്നെനിക്കു തോന്നി. വർഷങ്ങൾക്കു ശേഷം കണ്ടുമുട്ടിയ ഉറ്റ സുഹൃത്തുക്കളുടെ ആ തീവ്രമായ സ്നേഹത്തിനപ്പുറം മറ്റൊന്നുമില്ലെന്ന് തോന്നിപ്പോയി..

ആ ആശുപത്രിയിലെ ഒരു വാർഡിലേക്ക് അവളെന്നെ കൂട്ടിക്കൊണ്ടുപോയി.വാതിലിനു മുകളിലെ എ,ഴുത്ത് ഞാൻ വായിച്ചു - "ഓങ്കോളജി ഡിപ്പാർട്ട്മെന്റ്."

എന്തോ...ഹൃദയമിടിപ്പ് ഒരൽപം കൂടിയതുപോലെ തോന്നി..ഓരോ രോഗികളേയും അവളെനിക്ക് പരിചയപ്പെടുത്തി തന്നു. ഓരോ മുറിയിലേക്ക് കടക്കുമ്പോഴും രോഗിയുടെ മുഖത്ത് ഒരു ചെറുപുഞ്ചിരി വിടരുന്നുണ്ടായിരുന്നു ..പ്രതീക്ഷയുടെ പുഞ്ചിരി. എന്തൊക്കെയോ പ്രതീക്ഷിക്കുന്നുണ്ടവർ..

പ്രതീക്ഷ.......

ഞാനാ വാക്കിന് വലിയ പ്രാധാന്യമൊന്നും കൊടുത്തിരുന്നില്ല. എല്ലാം നേടിയെടുത്തിട്ടാണല്ലോ ശീലം. എന്ത് പ്രതീക്ഷിക്കാനാണ്. എന്നാൽ ഇന്ന് ആ വാക്കിന് എന്തോ വലിയ അർത്ഥമുണ്ടെന്ന തിരിച്ചറിവ് എവിടെ നിന്നോ ഉണ്ടായിരിക്കുന്നു..

മറ്റൊരു മുറിയിൽ ഒരു ചെറിയ കുട്ടിയായിരുന്നു .. ഞാൻ പേര് ചോദിച്ചു.

“"ആമി..."

എന്നെ നോക്കി അവൾ ചിരിച്ചു. അടക്കി ചിരിക്കുന്നത് കണ്ടപ്പോൾ കാര്യമെന്താണെന്ന് ഞാൻ അന്വേഷിച്ചു.ചിരിച്ചു കൊണ്ടു തന്നെ അവൾ

മറുപടി പറഞ്ഞു: "എന്റെ ക്ലാസിലെ പിള്ളേരെല്ലാം എന്നെ കളിയാക്കും, നിനക്ക് കുറച്ച് മുടിയേ ഉള്ളൂ.. അയ്യേന്നും പറഞ്ഞ്.. പക്ഷേ, ഇത്ര വലിയ ചേച്ചിയ്ക്ക് എന്റത്രയും മുടിയില്ലല്ലോ ..??"

ഞാനോർത്തു, ഇപ്പോഴത്തെ ഫാഷൻ ഇതാണല്ലോ എന്നും പറഞ്ഞ് വെട്ടിക്കളഞ്ഞ എന്റെ നീളമേറിയ, വളരെ ഉള്ളുള്ള മുടിയെ.. മനസ്സിനകത്ത്ന്ന് ആരോ പറഞ്ഞു .. നാം കരുതുന്ന ചെറിയ ചെറിയ കാര്യങ്ങൾ പോലും ഒരു പക്ഷേ മറ്റുള്ളവരെ സംബന്ധിച്ചിടത്തോളം ഭൂമിയോളം വലിപ്പമുള്ള കാര്യങ്ങളായേക്കാം.. ഈ തിരിച്ചറിവ് സൈക്കോളജിയിൽ ബിരുദം നേടിയ തനിക്ക് ഒരു കുട്ടി ചൂണ്ടിക്കാട്ടി തരേണ്ടി വന്നല്ലോ..

ഓരോ മുറിയിലും ഓരോ ജീവിതങ്ങൾ... ഇന്നോ നാളെയോ എന്നും കരുതി ജീവിക്കുന്നവർ... അവസാനത്തെ മുറിയുടെ വാതിൽ തുറന്നു..

നിറയെ കരകൗശല വസ്തുക്കളാൽ നിറഞ്ഞ ഒരു മുറി. വാതിൽ തുറന്ന കാറ്റ് കൊണ്ട് പേപ്പറാലുണ്ടാക്കിയ കുഞ്ഞൻ ഫാൻ തിരിഞ്ഞതു കണ്ടപ്പോൾ അറിയാതെ ചിരിച്ചു പോയി. ആര്യ പരിചയപ്പെടുത്തി ..

"" ഇത് ശ്യാം..കരകൗശല വസ്തുക്കളുടെ നിർമാണത്തിൽ ഇയാളെ കഴിഞ്ഞേ ആരുമുള്ളൂ.കേറി വരുന്നത് ആരുമായി കൊള്ളട്ടെ,ശ്യാം ഇപ്പോ തന്നെ ചിരിപ്പിച്ച പോലെ അവരെയും ഒന്ന് ചിരിപ്പിക്കും."

ഇത്രമാത്രമേ താൻ കേട്ടുള്ളൂ.ശ്യാമിന്റെ കണ്ണുകൾക്ക് എന്തൊരു തിളക്കം .. ആ ചിരിയിൽ എന്തെല്ലാമോ ഒളിഞ്ഞു കിടക്കുന്നതു പോലെ .. ആ കണ്ണുകളിലേക്ക് തന്നെ നോക്കിയിരിക്കുകയായിരുന്നു... എന്റെ കണ്ണുകളെ എനിക്ക് പിൻവലിക്കാനാവാത്ത തെന്തുകൊണ്ടാണ്??!! ഇമയടയാതെ ആ കണ്ണുകളെ അങ്ങിനെ നോക്കിക്കൊണ്ട് നിന്നു.. ആ കണ്ണുകൾ എന്തൊക്കെയോ സംസാരിക്കുന്നതു പോലെ..

ഇതുവരെ കാത്തു സൂക്ഷിച്ച എല്ലാ ആദർശങ്ങളും വെറും സോപ്പ് കുമിളകൾ പോലെ ബലമില്ലാതാവുന്നത് തിരിച്ചറിഞ്ഞ താൻ നിസ്സഹായയാവുന്നതു പോലെ .. കാറ്റിൽ പാറുന്ന കരിയില പോലെയാണ് ജീവിതം എന്ന തിരിച്ചറിവ്. ഇതുവരെ നനയാത്ത കവിൾത്തടത്തിൽ കണ്ണീരിന്റെ നനവ്.. അത് സഹതാപത്തിന്റെയാണോ, ആരാധനയുടെ യാണോ..? തിരിച്ചറിയാനാവുന്നില്ല .. കരകൗശല വസ്തുക്കളോട് എന്നും തനിക്കുണ്ടായിരുന്ന പ്രിയവും ഹൃദയം കൊണ്ടറിയുന്നു.. കാല് നനയാതെ ഒരു പക്ഷേ കടൽ കടന്നേക്കാം. എന്നാൽ കണ്ണ് നനയാതെ ജീവിതം തീർക്കാനാവില്ല എന്ന തിരിച്ചറിവ്...

തിരിച്ചറിവുകൾ....!!

ഇതുവരെ താൻ കരുതിയതൊന്നുമായിരുന്നില്ല ജീവിതം എന്ന വലിയ തിരിച്ചറിവ് ..

നിദ്ര പിണങ്ങി നിന്ന ആ രാത്രിയിൽ ഒരു തീരുമാനമെടുത്തു .. ശ്യാം... ശ്യാമിനെ തന്റെ ജീവിതത്തിലേക്ക് കൊണ്ടു വരാം.... പക്ഷേ, പ്രശ്നങ്ങളുടെ,എതിർപ്പുകളുടെ

പെരുമഴക്കാലങ്ങൾ... അച്ഛനും അമ്മയും ഏറെ എതിർത്തെങ്കിലും ഒടുവിൽ തന്റെ വാശിക്കു മുന്നിൽ കീഴടങ്ങി. ഇതറിഞ്ഞപ്പോൾ ശ്യാമിനു തന്നെ അത്ഭുതമായിരുന്നു .. തന്നെ പിന്തിരിപ്പിക്കാൻ എല്ലാ തരത്തിലും ശ്രമിച്ചു.ഇന്നോ നാളെയോ ...അതാണ് തന്റെ അവസ്ഥയെന്ന് മനസ്സിലാക്കിത്തരാൻ ശ്രമിച്ചു. പക്ഷേ, താൻ പിന്മാറിയില്ല ..

ശ്യാമിന് വേണ്ട എല്ലാ കാര്യങ്ങളും ഞാൻ ഒറ്റയ്ക്ക് ചെയ്തു.അച്ഛനമ്മമാർക്ക് മനോവിഷമം ഉണ്ടാകുന്നു എന്നറിഞ്ഞിട്ടും കണ്ടില്ലെന്ന ഭാവം നടിച്ചു. സാവിത്രി സത്യവാനെയെന്ന പോലെ അവനെ ശുശ്രൂഷിച്ചു .. അവൾ അവന് കാവലിരുന്നു .. പ്രതീക്ഷ അവളിലും പടർന്നു .. ആദ്യമായി ദൈവത്തിനു മുന്നിൽ കൈകൂപ്പി ..

ശ്യാം വീണ്ടും ജീവിതത്തിലേക്ക് അവളുടെ തീവ്രമായ പ്രയത്നം കൊണ്ടും പ്രാർത്ഥന കൊണ്ടും തിരികെയെത്തി തുടങ്ങുകയായിരുന്നു .. ഇതുവരെ താനനുഭവിച്ചതിനേക്കാൾ സുഖകരമായ ഒരനുഭൂതി അവളിൽ പടരുകയായിരുന്നു ..

എന്നാൽ വിധി കാത്തു വെച്ചത് മറ്റൊന്നായിരുന്നു.. ശ്യാമിനെ ആദിത്യയ്ക്ക് വിധിച്ചിട്ടില്ല .. ആദിത്യയെ കാണാൻ വരുന്ന വഴിക്ക് ഒരപകടത്തിന്റെ രൂപത്തിൽ അവൻ ഓടി മറഞ്ഞിരിയ്ക്കുന്നു .. വിധിയിൽ വിശ്വസിക്കാത്ത അവൾ അതിലും വിശ്വസിച്ചു.. ഓടിയോടി ജീവിതം തളർന്നിരിക്കുന്നു .. കിതക്കുന്നുണ്ടായിരുന്നു, ഏറെ.. വിശ്രമം ആവശ്യമായിരുന്നു .. പുസ്തകത്തിലെ ഏടുകളെ പോലെ ജീവിതത്തിലെ ഈ അധ്യായവും തീർന്ന് പോയിരിക്കുന്നു..

ജീവിതം പഠിപ്പിച്ച വലിയ പാഠം. ജീവിതം നൽകിയ തിരിച്ചറിവ്.നാം അറിയാതെ അറിയുന്ന ഓരോ തിരിച്ചറിവുകളും നമുക്ക് പകരുന്ന അറിവ് പറഞ്ഞറിയിക്കാനാവാത്തതാണ്. ഓരോ തിരിച്ചറിവും ഉണ്ടാകുന്നത് നിമിഷ നേരം കൊണ്ടാണ്. എന്നാൽ അവ അവസാന യാത്ര വരെ നിലനിൽക്കും..

പുറത്തെന്തോ ശബ്ദം കേട്ടപ്പോഴാണ് ദിവാസ്വപ്നങ്ങളിൽ നിന്ന് ഞെട്ടിയുണർന്നത്.. നോക്കിയപ്പോൾ, സമയം ഒരു പാടായിരിക്കുന്നു.. എന്തെല്ലാമാണ് ഓർത്തു കൂട്ടിയത്.. ചുറ്റും കട്ട പിടിച്ച ഇരുട്ട്.. ഇരുട്ടിനെ ഇരുട്ട് കൊണ്ട് മാറ്റാനാവില്ല,അതിന് വെളിച്ചം വേണം. "ദൂരങ്ങളിലേക്ക് യാത്ര പോകാതെ ചുറ്റുമുള്ളതിനെ മാത്രം ശ്രദ്ധിച്ചാൽ യഥാർത്ഥ സന്തോഷം തിരിച്ചറിയാനാകും .."മനസ്സ് ഒരു മന:പാഠം പോലെ ഈ വാചകം പലവട്ടം ഉരുവിട്ടു.. അവൾ ചിന്തിച്ചുറച്ചു, തനിക്ക് പഴയ ആദിത്യയായി തുടരാനാവും, തീർച്ച...

[ലിസ്ന റഹ്മാൻ.10 T]



# മഴയ്ക്ക് മറ്റൊരാമുഖം

ഭൂമിതൻ ദാഹജലമായി

വിണ്ടുകീറിയ മാറിൻ മറവിലായി

ഉയിരായ് പെയ്തിറങ്ങും

സ്നേഹ സ്പർശമായി,

ഹർഷമായി..

കുളിരു തന്നിട്ടും മഴയെന്ന

ഓർമകൾ നിറയും ഹൃദയം...

ഗാന കലവിയിൽ ആറാടുവാൻ

പഠിപ്പിച്ച, നന്മകൾ നിറയുന്ന

ബാല്യ സ്മരണകളും ..

മറ്റൊരാമുഖം പിറന്നു വീണീ-

മഴയിൽ; മൃദു മന്ത്രണങ്ങളും..

തൻ മക്കളോടായീ മഴ മാതൃത്വം

അനുഭവങ്ങൾ മൊഴിഞ്ഞ പോൽ:

"പൂർവ്വാന്തരങ്ങളിൽ പെയ്തിറങ്ങി


ഏകാന്തമായോരാ പാത തേടി

അലയുന്നു, തെന്നി നീങ്ങുന്നു...

അലിയുന്നു മണ്ണോടൊന്നായ്....







## തഴുകീ പല വഴികളും

ഒഴുകീ ഉയിരു തേടീ...

ഒടുവിൽ ഒരു ശാപമായീ

തീർന്നു ഞാൻ ജലപ്രളയം ..”

നന്മയും നാമെന്ന ചിന്തയും

നിറഞ്ഞീ മഴ തന്ന മായാസ്മരണകളിൽ

പുതു പ്രത്യാശ പകരുന്ന

പുലരിയും തേടി ഉയരുന്ന




കിളികൾ നാമേവരും...

പ്രളയം ഒരു പാഠപുസ്തകമായി

പരിണമിച്ചു വൈകാതെ ..

മണ്ണും മനുഷ്യനും പുൽക്കൊടിയും

പുതു പ്രതീക്ഷ തൻ

സൂര്യകിരണങ്ങളേറ്റുണരുന്നു ..

വീണ്ടും, അങ്ങെവിടെയോ

ആകാശത്തിന്റെ മറു കോണിൽ

കാർമേഘങ്ങൾ ഉരുണ്ടു കൂടുന്നുണ്ടാം
ആർദ്രമാമീ രാവതിൽ..
ചിലപ്പോൾ ഒരുങ്ങുന്നുണ്ടാവാം
മഴയ്ക്ക് മറ്റൊരാമുഖം ...



[ആദിത്യ മോഹൻ 10 I ]

# മൗനത്തിന്റെ മുറിപ്പാടുകൾ

മൗനം മുറിഞ്ഞ രാവുകൾക്കിടയിലൂടെ അന്ധകാരത്തിന്റെ പതിഞ്ഞ കാലൊച്ച
മൗനം ജനിക്കുന്ന സമയത്ത്
നേരം മറന്നൊരു ചുടുകാറ്റ് വീശുന്നു
അന്ധകാരത്തിന്റെ പേടികളിലൊന്നിൽ
മൗനം നുകർന്നു പാല പൂക്കുന്നു
മൗനത്തിന്റെ വരണ്ട നീലിച്ച പാദങ്ങളിൽ ഇളംചൂടുവിട്ട് തണുപ്പ് പടരുന്നു
* * * * * * * * * * * * * * * * * * * *

കാണായകലെയാക്കോണിൽ മനക്കണ്ണിൽ കിങ്ങിണിയിട്ടൊരാ പിഞ്ചു പാദങ്ങളും
കണ്ണീരണിഞ്ഞ തവിട്ടു മിഴികളും
ഇവിടെയുപേക്ഷിച്ചു നീയിനി മടങ്ങുക.... ഇളന്നീരുമണക്കുന്നൊരരുമക്കിടാവിനെ
ഇനി മേലിൽ നീയിനി ഇവിടെയുപേക്ഷിക്കുക.. നീ നിന്റെ നിഴലിനെ കീറിമുറിക്കുക....
ഇളംചൂടു മാറാത്തൊരീ കബന്ധത്തെ
വിട്ടിട്ടു നീയിനി പറന്നുപോയ്ക്കൊള്ളുക....
ഉമിത്തീയ് നീറുന്നൊരഗ്നിയെ വിട്ട്
ബലിച്ചോറ് തിന്നുവാനുയിർത്തെഴുന്നേൽക്കുക....
ഈയന്ധമാം നാകം മറന്ന്,ഉപേക്ഷിച്ച്
കാണാത്ത ലോകത്തിൻ കാലൊച്ച കേൾക്കുക
* * * * * * * * * * * * * * * * * * * * * * * *


മൗനം മുറിഞ്ഞൊരാ ചിരിച്ചിപ്പിയുടഞ്ഞു ഒരുപാടു മുത്തുകളൂർന്നുടയുന്നു
മൗനം മുറിഞ്ഞിതാ മുറിപ്പാടു വീഴുന്നു
മുറിപ്പാടിൽ പടരുന്ന ചെന്നിണം കൊണ്ടെന്റെ
മുറ്റത്തെ തെച്ചിക്കു ചായം നിറക്കുക..
വേദന തിങ്ങുമെൻ ചീഞ്ഞ മുറിപ്പാട്
ആത്മാവിലെങ്ങോ കാക്ക ചികയുന്നു ഈയന്ധകാരത്തിൻ മരുപ്പടർപ്പടർന്ന്
ഞാനെന്റെ പിറകിൽ മരുപ്പച്ച തീർക്കുന്നു.. ഇവിടെ ഞാനെന്റെ സ്വത്വത്തെ വിട്ട്
കാണാമറയത്തേക്കിതാ യാത്രയാവുന്നു....

അഷിബ ഗിരീഷ്
(പൂർവ്വ വിദ്യാർത്ഥിനി)




ഇരുട്ട്  പരത്തുകയെന്നത്
ഒടിയന്റെ ചോദനയാണ്...
മതം പേറുന്ന
പെണ്ണിന്റെ  ഗർഭപാത്രം
ചുരന്ന്
അടുത്ത തെരഞ്ഞെടുപ്പിന്
മരുന്നുണ്ടാക്കുന്ന
ഒടിയൻ...
പശുവായും
പോത്തായും
കുഞ്ഞാടായും
ജാതി തിരിച്ച്
വിധി വരുന്നിടത്തും
കാശ് വീഴുന്നിടത്തും
ഒരേ ഒടിയൻ....
സാക്ഷരത പൊട്ടിച്ച്
തീ പടർത്തി,
കറുത്ത ടയർ പുകച്ച്
തെരുവുകളിൽ
" പരകൊടി പ്രവേശം "
നടത്തുന്ന ഒടിയൻ....
വിയർപ്പും നെടുവീർപ്പും
മാത്രമുള്ളവനെ
എവിടെയും വീഴ്ത്താൻ
അതേ ഒടിയൻ....
അതെ,
ഇരുട്ട് പരത്തുകയെന്നത്
ഒടിയന്റെ ചോദനയാണ്..

വിനോദ്.കെ.ടി(പൂർവ്വ വിദ്യാർത്ഥി)



# ഓർമ

കണ്ണുതുറന്നപ്പോൾ ഡെറ്റോളിന്റെ മണം മൂക്കിൽ തുളച്ചു കയറി.....പൂവിന് ഭംഗി കൂട്ടിക്കൊണ്ട് പച്ചനിറത്തിൽ ജ്വലിച്ചുനിന്നിരുന്ന താനെന്ന ഇല ഇന്ന് വാടിക്കരിഞ്ഞ് നിലത്തു വീണു കിടക്കുന്നു.. കാറ്റിന്റെ ദിശക്കനുസരിച്ച് അതെങ്ങോ സഞ്ചരിച്ചുകൊണ്ടിരിക്കുകയാണ്....

അന്ന്.....

ആ ദിവസം....

നാല് അനിയത്തിമാരും പിന്നെ ഉമ്മയും. ആ അഞ്ച് സെന്റിലെ കുഞ്ഞുവീടും.ഇതായിരുന്നു തന്റെ ലോകം. കയ്യിൽ നിറയെ കുപ്പിവളയും കണ്ണിൽ സുറുമയുമെഴുതി തന്റേതായ ലോകത്ത്..തന്റേതു മാത്രമായ ആ ചെറു ലോകത്ത്..സങ്കടങ്ങളെ സന്തോഷങ്ങളാക്കി മാറ്റിക്കൊണ്ട് കഴിഞ്ഞുകൂടിയ ദിനങ്ങൾ..

മറ്റെല്ലാവരെയും പോലെ നിറയെ സ്വപ്നങ്ങളായിരുന്നു. സ്വപ്നങ്ങളുടെ ആ മായാജാല ലോകത്തുനിന്നും യാഥാർത്ഥ്യത്തിന്റെ ആഴങ്ങളിലേക്ക് വന്നപ്പോഴാണ് മനസ്സിലായത്, രണ്ടും തമ്മിലുള്ള അന്തരം..

ദല്ലാളിന്റെ ആ വാക്കുകൾ ഇന്നും ചെവിയിൽ ഒരു ഇടിമുഴക്കം പോലെ കേൾക്കാൻ കഴിയുന്നുണ്ട്.

" ചെക്കന് കൊറച്ച് പ്രായം കൂടുതൽ ആന്നേള്ളൂ.റബ്ബിന്റെ തുണോണ്ട് ഓളെ ചെക്കന് പെരുത്ത് ഇഷ്ടായി. ഗൾഫിൽ വല്യ ഷെയ്ഖാണത്രേ..എന്താ ഓന്റട്ടുത്തുള്ള പൈസ. ഇങ്ങളെ എല്ലാ ബുദ്ധിമുട്ടും മാറും. അല്ലേലും ഈ അഞ്ച് സെൻറ് പുരേല് അഞ്ചു പെൺകുട്ട്യോളേം കൊണ്ട് ഇങ്ങള് ഒറ്റക്ക് എന്തോന്ന് കാട്ടാനാണ്..??"

ഉമ്മ അതിന് സമ്മതം വേണ്ടി വരികയായിരുന്നു...

കയ്യിലെ കുപ്പിവളകൾക്ക് പകരം സ്വർണവളകൾ ചിരിച്ചു.സുറുമയെഴുതിയ കണ്ണുകളിലെ തിളക്കം കൂടുന്നതിനു പകരം കുറയുകയാണുണ്ടായത്.വീട് പെട്ടെന്ന് വലുതായി. മനസ്സിനു മാത്രം ആഴമേറിയ മുറിവേറ്റതുപോലെ..

അറബിക്കടലും കടന്ന് തന്നെ തേടിവരുന്ന മാരനെ പ്രതീക്ഷിച്ചു കടലിലേക്ക് നോക്കിയിരിക്കാറുണ്ടായിരുന്നു. പക്ഷേ ഇപ്പോൾ വരുന്നത് ഉപ്പാന്റെ പ്രായം തോന്നുന്ന ഒരാളാണെന്നറിഞ്ഞപ്പോ മനസ്സിന്റെ മുറിവിന് മരുന്നില്ലെന്നു തോന്നി..

വലിയ ആഘോഷം തന്നെയായിരുന്നു. നിക്കാഹ് പൊടിപൊടിച്ചു. എല്ലാ ചെലവും അവർതന്നെ വഹിച്ചു. കണ്ണാടി നോക്കിയിരിക്കുമ്പോ കൂട്ടുകാരികൾ 'അറബിക്കഥയിലെ മാരനതാ വര്ണ ' എന്നു പറഞ്ഞു.വടിയും കുത്തിയാന്നുമാത്രം എന്ന് ഞാൻ മനസ്സിലുംപറഞ്ഞു.

നാലുമാസം,വെറും നാലുമാസം മാത്രം താമസിച്ച് അറബ്നാട്ടിലേക്ക് തന്നെ അയാൾ വീണ്ടും പോയി.നാലുമാസത്തോളം ഒന്നും സംസാരിച്ചിട്ടില്ല.സ്നേഹത്തിന് ഭാഷയൊരു പ്രശ്നമേയല്ല എന്നൊക്കെ പറയുന്നത് എന്തുകൊണ്ടാവാം എന്നിപ്പോൾ മനസ്സിലായി.

കത്തിയെരിയുന്ന സൂര്യനു കീഴിൽ എന്തോ തേടിയുള്ള യാത്രയെന്നോണം അയാൾ പോയി. പോയതിൽ പിന്നെ ഒരു വിവരവുമില്ല.മുത്തുപോയ ചിപ്പിയായി ഈ കടൽത്തീരത്ത് അടിഞ്ഞു കിടക്കാനാവാം വിധി...

പെട്ടെന്നാണ് കുഞ്ഞിന്റെ കരച്ചിൽ കേട്ട് ഞെട്ടിയുണർന്നത്.. താനിന്ന് ജീവിച്ചിരിക്കുന്നതിന്റെ ഏക കാരണം ആ കുഞ്ഞു മാത്രമാണ്. മഴ മേഘങ്ങളെ പോലെ കണ്ണീരിന്റെ കനം കൊണ്ട് മനസ്സ് ഇരുണ്ട് കിടക്കുകയാണ്. വിധിയെന്ന് സ്വയമാശ്വസിച്ച്, ആ കുഞ്ഞിനെ കൈകളിലേക്ക് വാരിയെടുത്തു.. പഴയ ഓർമ്മകളെല്ലാം ഇല്ലാതാക്കാനുള്ള പുതിയ പ്രതീക്ഷ... മറക്കാനാഗ്രഹിക്കുന്ന ഓർമ്മകളെ മായ്ച്ചുകളയാൻ മാത്രം ശക്തിയാർന്ന പ്രതീക്ഷ....പ്രതീക്ഷക്ക് ശക്തി കൂട്ടാനായി

ഓർമ്മയുടെ കനലും..

......ലിസ്ന റഹ്മാൻ 10T......

അധ്വാനിക്കുക,

അന്വേഷിക്കുക,

കണ്ടു പിടിക്കുക /കീഴടങ്ങാതിരിക്കുക

എന്നതാവണം ജീവിത ലക്ഷ്യം

-മഹാത്മാ ഗാന്ധി

# കലി കാലം

[ഗസ്ന ഗഫൂർ പൂർവ്വ വിദ്യാർത്ഥിനി]

ഞാൻ,

ലോകം കണ്ടിട്ടുണ്ട്...

അത് തൊട്ടറിഞ്ഞിട്ടുണ്ട്....

ബാല്യം,

എപ്പോഴും ഡേകെയറിലാണ് ...

കൗമാരം,

ഫേസ് " ബുക്ക് "പഠിക്കുകയാണ്....



യൗവ്വനം,

മൊബൈലിലും....

പിന്നെ, അച്ഛൻ

ബാറിലിരിപ്പുണ്ട്.......

അമ്മ,

അടുക്കളക്കോണിലും......

വാർധക്യം,

വൃദ്ധസദനത്തിൽ

തേങ്ങുകയാണ്........

അതെ,

ഞാൻ ലോകം കണ്ടിട്ടുണ്ട്

അത് തൊട്ടറിഞ്ഞിട്ടുണ്ട്....

പക്ഷേ,

പൊള്ളിയ കൈ

പിൻവലിക്കുമ്പോൾ

വിറയ്ക്കുന്നുണ്ടായിരുന്നു.......

നാവ് വരളുന്നുണ്ടായിരുന്നു ..

ഹൃദയം വിങ്ങുന്നുണ്ടായിരുന്നു.......

അതെ,

ഞാനും പിറന്നു വീഴേണ്ടത്


ഡേകെയറിലേക്കാണ് ....

പിന്നെ,

കൗമാരം,

യൗവനം,

അങ്ങനെയങ്ങനെ...



[..........................................................................................]

ആരും കാണാത്ത മനോഹര കർമങ്ങളാണ് ഏറ്റവും പ്രശംസനീയം പാസ്കർ

നീതികേട് വിതക്കുന്നവൻ ആപത്ത് കൊയ്യും - ബൈബിൾ

അവകാശങ്ങൾ കടമകളുമായി ബന്ധപ്പെട്ടിരിക്കുന്നു - ഗാന്ധിജി

മാടപ്രാവിന്റെ കോപത്തെ കരുതിയിരിക്കുക -ഡ്രൈഡൻ

# ഓർമ്മത്താളുകൾ




പ്രവേശനോത്സവം




സാഭിമാനം-2018  Full A+ നേടിയ കുട്ടികളെ ആദരിക്കൽ-[ശ്രീ.അനിൽ വള്ളത്തോൾ]

## 2017-18 വർഷത്തിലെ പൊൻതാരകങ്ങൾ



**കലാപ്രതിഭകൾ**




**കയിക പ്രതിഭകൾ**











## ശാസ്ത്രപ്രതിഭകൾ



സംസ്ഥാന തലത്തിൽ എ ഗ്രേഡ് നേടിയ ഫാദിയാ ജലീൽ തയ്യാറാക്കിയ ത്രഡ് പാറ്റേണുകൾ





# കരുത്തുറ്റ പിൻബലം



മാനേജർ സെയ്തു ഹാജി



പി.ടി.എ പ്രസിഡന്റ് അയ്യൂബ് ആലുക്കൽ

# JRC



# SCOUT AND GUIDES



# ലിറ്റിൽ കൈറ്റ് 2018-19





# ലിറ്റിൽ കൈറ്റ് 2018-19





# അണിയറ ശിൽപികൾ

